# FAQ

1. **എന്താണ് ലഘു സമ്പാദ്യം ?**

അയൽക്കൂട്ടത്തിന്റെ പൊതുവായ സമ്പാദ്യം വളർത്തുന്നതിനായി അംഗങ്ങൾ നിക്ഷേപിക്കുന്ന ചെറുതും എന്നാൽ സ്ഥിരമായതുമായ നിക്ഷേപമാണ് സമ്പാദ്യം.

2. **ആന്തരികവായ്പ എന്നാൽ എന്ത് ?**

അയൽക്കൂട്ടം രൂപീകരിച്ച് രണ്ടോ മൂന്നോ മാസങ്ങൾക്ക് ശേഷം അയൽക്കൂട്ടത്തിന്റെ സമ്പാദ്യത്തിൽ നിന്നും അംഗങ്ങൾക്ക് അവരുടെ ആവശ്യങ്ങളുടെ മുൻഗണന അനുസരിച്ച് ആന്തരികവായ്പ നൽകി തുടങ്ങുന്നു. ഇതിന്റെ പലിശനിരക്ക് അയൽക്കൂട്ട യോഗം ചേർന്ന് തീരുമാനിക്കാവുന്നതാണ്.

3. **അയൽക്കൂട്ടത്തിന് ബാങ്ക് വായ്പ ലഭ്യമാകുന്നത് എപ്പോൾ ?**

അയൽക്കൂട്ടം രൂപീകരിച്ച് ആറുമാസങ്ങൾക്കുശേഷം ഗ്രേഡിംഗ് പാസ്സാകുമ്പോൾ

4. **എന്താണ് ഗ്രേഡിംഗ് ?**

ബാങ്കുകളുടെ മേൽനോട്ടത്തിൽ താഴെപറയുന്ന മാനദണ്ഡങ്ങൾ പ്രകാരം അയൽക്കൂട്ടത്തിനെ വിലയിരുത്തുന്ന പ്രക്രിയയാണ് ഗ്രേഡിംഗ്.

1) *അയൽക്കൂട്ടത്തിന്റെ ഘടന*
2) *അയൽക്കൂട്ടം ആരംഭിച്ച വർഷം*
3) *അയൽക്കൂട്ട യോഗങ്ങൾ – പ്രതിമാസം എത്ര യോഗങ്ങൾ*
4) *അംഗങ്ങളുടെ ഹാജർ*
5) *മിനിട്ട്സ് ബുക്ക്*
6) *ചർച്ചകളിൽ അംഗങ്ങളുടെ പങ്കാളിത്തം*
7) *പ്രതിമാസം എത്രപ്രാവശ്യം ത്രിഫ്റ്റ് ശേഖരണം നടത്തുന്നു*
8) *ത്രിഫ്റ്റ് തുകയും വായ്പാ തിരിച്ചടവും ശേഖരിക്കുന്നതെങ്ങനെ?*
9) *ചർച്ചകളുടേയും തീരുമാനം എടുക്കുന്നതിന്റെയും സ്വഭാവം.*
10) *ആന്തരികവായ്പ അനുവദിക്കലും വിതരണവും.*
11) *ആന്തരികവായ്പയുടെ പലിശ നിരക്ക്.*
12) *സമ്പാദ്യത്തിന്റെ എത്രശതമാനം വായ്പ നല്കാൻ ഉപയോഗിക്കുന്നു.*
13) *ആന്തരികവായ്പാ തിരിച്ചടവ്.*
14) *ഏതെല്ലാം രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നു.*
15) *ബൈലോയെക്കുറിച്ച് അംഗങ്ങൾക്കുള്ള അറിവ്*

**5. എന്താണ് ബാങ്ക്ലിങ്കേജ് ?**

നല്ലരീതിയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പയാണ് ബാങ്ക് ലിങ്കേജ് വായ്പ എന്ന് പറയുന്നത്. അയൽക്കൂട്ടം രൂപീകരിച്ച് ആറ് മാസങ്ങൾക്ക് ശേഷം ബാങ്ക് വായ്പയ്ക്ക് അപേക്ഷ നൽകാം. നബാർഡിന്റെ വിലയിരുത്തൽ മാനദണ്ഡങ്ങൾ അനുസരിച്ച് ബാങ്ക് അയൽക്കൂട്ടത്തിനെ ഗ്രേഡ് ചെയ്യുകയും 80% മാർക്ക് നേടിയാൽ വായ്പ അനുവദിക്കുകയും ചെയ്യുന്നു.

**6. എന്താണ് വായ്പാ പരിധി ? ഇത് കണക്കാക്കുന്നത് എങ്ങനെ ?**

അയൽക്കൂട്ടത്തിന് ബാങ്ക് അനുവദിക്കുന്ന ആദ്യ വായ്പാ തുകയാണ് വായ്പാ പരിധി. അയൽക്കൂട്ടസമ്പാദ്യത്തിന്റെ നാല് ഇരട്ടിവരെയാണ് വായ്പാ പരിധിയായികണക്കാക്കുന്നത്.

**7. ബാങ്ക് വായ്പയ്ക്ക് അയൽക്കൂട്ടത്തിന്റെ സമ്പാദ്യം കണക്കാക്കുന്നത് എങ്ങനെ ?**

- അയൽക്കൂട്ടത്തിന്റെ സേവിംഗ്സ് അക്കൗണ്ട്ബാലൻസ്.
- അയൽക്കൂട്ടത്തിന്റെ അധികാരപ്പെട്ട വ്യക്തികളുടെ കൈവശം ഇരിക്കുന്ന തുക.
- ആന്തരിക വായ്പ നൽകിയിരിക്കുന്ന തുകയും അതിനു ലഭിക്കുന്ന പലിശയും.

ഗ്രൂപ്പിനു ലഭിക്കുന്ന മറ്റു ആനുകൂല്യങ്ങൾ, സംഭാവന മുതലായവ

**8. ബാങ്ക് ലിങ്കേജ് വായ്പയ്ക്ക് നൽകേണ്ട ജാമ്യ രേഖകൾ എന്താണ് ?**

അയൽക്കൂട്ടം ബാങ്ക് വായ്പകൾക്ക് ഒരുജാമ്യയവും നൽകേണ്ടതില്ലാ എന്ന് ആർ.ബി.ഐ യും നബാർഡും നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്.

**9. എന്താണ് പരസ്പര ധാരണ ഉടമ്പടി ? ഇന്റർ സേ എഗ്രിമെന്റ് ?**

ബാങ്ക് ലിങ്കേജ് വായ്പ പാസ്സാക്കി കഴിഞ്ഞാൽ അയൽക്കൂട്ടത്തിലെ മുഴുവൻ അംഗങ്ങളും ബാങ്കുകളുമായി ഒരു ഉടമ്പടിയിൽ ഒപ്പ് വെക്കേണ്ടതാണ്. ഈ ഉടമ്പടിക്ക് ഇന്റർ സേ എഗ്രിമെന്റ് എന്നു പറയുന്നു.

ബാങ്ക് വായ്പ അക്കൗണ്ട് കൈകാര്യം ചെയ്യുന്നതിന് ഏറ്റവും കുറഞ്ഞത് 3 അയൽക്കൂട്ടാംഗങ്ങളെ ചുമതലപ്പെടുത്തുകയും, അയൽക്കൂട്ട അംഗങ്ങളുടെ അറിവോടെയും സമ്മതത്തോടെയുമാണ് ലോൺ എടുക്കുന്നതെന്നും ലോൺ അടക്കാനുള്ള ഉത്തരവാദിത്വം അയൽക്കൂട്ടത്തിനാണ് എന്നുമാണ് ഇന്റർ സേ എഗ്രിമെന്റിന്റെ ഉള്ളടക്കം.

**10. എന്താണ് മാച്ചിംഗ് ഗ്രാന്റ് ?**

ലഘുസമ്പാദ്യം പ്രോത്സാഹിപ്പിക്കുന്നതിനും ബാങ്ക് ലിങ്കേജ് വായ്പാ സൗകര്യം പ്രയോജനപ്പെടുത്തുന്നതിനും അയൽക്കൂട്ടങ്ങൾക്ക് കുടുംബശ്രീയിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹന തുകയാണ് മാച്ചിംഗ് ഗ്രാന്റ്.

ലിങ്കേജ് വായ്പ ലഭിച്ച അയൽക്കൂട്ടങ്ങളുടെ സമ്പാദ്യത്തിന്റെ 10% പരമാവധി 5,000 രൂപ മാച്ചിംഗ് ഗ്രാന്റായി കുടുംബശ്രീ മിഷനിൽ നിന്നും ലഭിക്കുന്നു.

**11. എന്താണ് പലിശ സബ്സിഡി ?**

അയൽക്കൂട്ടങ്ങൾക്ക് 4% പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാക്കുന്ന പുതിയ ഇന്ററസ്റ്റ് സബ്സിഡി സ്കീം 2016 – 2017മുതൽ നടപ്പിലാക്കിയിട്ടുണ്ട്. 3 ലക്ഷം രൂപ വരെ ലിങ്കേജ് വായ്പ എടുക്കുന്ന അയൽക്കൂട്ടങ്ങൾക്ക് മേൽ ആനുകൂല്യം ലഭ്യമാണ്. 12.5% പലിശയ്ക്കുള്ള ലിങ്കേജ് വായ്പയ്ക്ക് 4% കുറവുചെയ്ത് പരമാവധി 8.5% പലിശ സബ്സിഡി ലഭ്യമാക്കുന്നത്.

**12. എന്താണ് കാസ്സ് ?**

കണക്കു പരിശോധിക്കുന്നതിന് കുടുംബശ്രീ ജില്ലാമിഷനുകീഴിൽ പ്രവർത്തിക്കുന്ന അഭ്യസ്ത വിദ്യരായ യുവതീ യുവാക്കൾ അടങ്ങിയ തൊഴിൽ സംരംഭമാണ് അക്കൗണ്ട്സ് ആന്റ് ഓഡിറ്റ് സർവ്വീസ് സൊസൈറ്റി (കാസ്സ്).

**13. എന്താണ് റിവോൾവിംഗ് ഫണ്ട് ?**

കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ അംഗങ്ങളായിട്ടുള്ള പാവപ്പെട്ട ജനവിഭാഗങ്ങളുടെ അടിയന്തിര ഉപഭോഗ ആവശ്യങ്ങൾ, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കൽ, കടബാധ്യതകൾ തീർപ്പാക്കൽ തുടങ്ങിയവയ്ക്ക് ആവശ്യമായ പിന്തുണ നൽകുന്ന റിവോൾവിംഗ് ഫണ്ട് ധനസഹായം.

**14. എന്താണ് വൾനറബിലിറ്റി റിഡക്ഷൻ_ഫണ്ട് ?**

അയൽക്കൂട്ടങ്ങൾ നേരിടേണ്ടി വരുന്ന ആകസ്മിക പ്രശ്നങ്ങൾ, അസുഖം, അപകടം, പ്രകൃതി ദുരന്തം, പട്ടിണി തുടങ്ങിയവയ്ക്കുള്ള അടിയന്തിര സഹായം എന്ന നിലയ്ക്ക് എഡിഎസ് മുഖാന്തരം നൽകി വരുന്ന ഫാണ് വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്. ഒരു

അയൽക്കൂട്ടത്തിന് 15000 രൂപ നൽകാവുന്നതാണ്. വി.ആർ.എഫ് തുക ജില്ലാ മിഷൻ രണ്ടു ഗഡുക്കളായി എഡിഎസ് ആവശ്യപ്പെടുന്ന മുറയ്ക്ക് നൽകി വരുന്നു.